മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു)

VII അവകാശ ലംഘന പ്രശ്നങ്ങൾ

മി. സ്പീക്കർ : മൂന്നാർ സർക്കാർ ഭൂമിയാണെന്ന് കാണിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബോർഡ് സ്ഥാപിച്ച ഉടമസ്ഥാവകാശത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട റവന്യു വകുപ്പുമന്ത്രി 4-7-2007-ലും 16-7-2010-ലും നടത്തിയ പ്രസ്താവനകൾ തമ്മിൽ വൈരുദ്ധ്യം കാണുന്നുവെന്നും അത് സഭയുടെ അവകാശങ്ങളെ ലംഘിക്കുന്നതാണെന്നും കാണിച്ചുകൊണ്ട് ശ്രീ. ജോസഫ് എം. പുതുശ്ശേരി നൽകിയ അവകാശലംഘന നോട്ടീസിന്മേൽ ബഹുമാനപ്പെട്ട റവന്യു വകുപ്പുമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. പ്രസ്താവനകൾ തമ്മിൽ യാതൊരു വൈരുദ്ധ്യമില്ലായിരുന്നുവെന്നും 4-7-2007-ലും 16-7-2010-ലും പരാമർശ വിധേയമായ ഭൂമി ടാറ്റ കമ്പനി അതിക്രമിച്ചു കൈയടക്കിയതെന്നാണ് പറഞ്ഞിട്ടുള്ളതെന്നും സഭയുടെ അവകാശങ്ങളെ യാതൊരുവിധത്തിലും ലംഘിച്ചിട്ടില്ലായെന്നും ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയിരുന്നു. മന്ത്രിയുടെ വിശദീകരണത്തിലടങ്ങിയിരിക്കുന്ന വസ്തുതകൾ സമഗ്രമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ അവകാശലംഘന നോട്ടീസിനു അനുമതി നിഷേധിക്കുന്നു.

2. പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ 8-3-2010-ലെ 1277, 22-3-2010-ലെ 3710 എന്നീ നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ മറുപടി സഭയുടെയും അംഗങ്ങളുടെയും അവകാശാധികാരങ്ങളെ ലംഘിക്കുന്നതാണെന്ന് കാണിച്ചുകൊണ്ട് ശ്രീ. പി.സി. ജോർജ് നൽകിയ അവകാശലംഘന നോട്ടിസിന്മേൽ ബഹുമാനപ്പെട്ട പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. എനർജി മാനേജ്മെന്റ് സെന്ററിന്റെ നിയമാവലിപ്രകാരം എല്ലാ ഉദ്യോഗസ്ഥന്മാരേയും തുടക്കത്തിൽ 5 വർഷത്തേക്ക് നിയമിച്ചശേഷം പ്രവർത്തനം വിലയിരുത്തി തുടരാനനുവദിക്കുകയുമാണ് ചെയ്യുന്നത്. അതിനാൽ കരാർ ഉദ്യോഗസ്ഥനെ അനർട്ടിലെ ഡയറക്ടറായി നിയമിച്ചു എന്ന ആരോപണം അടിസ്ഥാനരഹിത മാണെന്നും സർക്കാർ ഉത്തരവനുസരിച്ച് നിയമാനുസൃത നിയമനമാണ് നടത്തി യിട്ടുള്ളതെന്നും തുടങ്ങി ഓരോ ആരോപണത്തിനും വ്യക്തവും വിശദവുമായ മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രി ലഭ്യമാക്കിയിരിക്കുന്നത്. കൂടാതെ നിയമ സഭയെയോ സഭാംഗങ്ങളയോ തെറ്റിദ്ധരിപ്പിക്കുന്നതിന് ഉദ്ദേശ്യമില്ലായിരുന്നു വെന്നും അറിയിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി.സി. ജോർജ് നൽകിയ അവകാശലംഘന നോട്ടീസിന് അനുതി നിഷേധിക്കുന്നു.

(പ്രതിപക്ഷം മുദ്രാവാക്യം വിളിച്ചുകൊണ്ടേയിരുന്നു)

LIBRARY ARCHIVES Kerala Legislative Assembly